ഇവ ദേശവൽക്കരിക്കാൻ തീരുമാനിച്ചകഴിഞ്ഞു മറ്റു ട്ടുകളെപ്പറ്റിയുള്ള കാര്യം ആലോചനയിലിരിക്കുകയാണു്.

(സി) ഉണ്ടു്; സഹകരണസംഘങ്ങളുടെ ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.†

ശ്രീ. കെ. ഹസ്സൻ ഗനി: സഹകരണസംഘങ്ങളുടെ ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞു. അതിൽ എത്ര ശതമാനം തൊഴിലാളികൾ ഷെയർ എടുത്തിട്ടുണ്ടു്. തൊഴിലാളികളല്ലാത്തവർ എത്ര ശതമാനം ഷെയർ എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. വി. തോമസ്: അതിനുള്ള രേഖകൾ തല്ക്കാലം എന്റെ കയ്യിലില്ല.

ശ്രീ കെ ഹസ്സൻ ഗനി: ആ സംഘങ്ങളുടെ പ്രസിഡൻറുമാരുടെ പേരു പറയാൻ മടിയുണ്ടാകുമോ?

ശ്രീ. ടി വി. തോമസ്: പ്രത്യേക ചോദ്യമായി ചോദിച്ചാലെ മറുപടി പറയാൻ നിവൃത്തിയുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പ്: ഗവണ്മെൻറു് ദേശസാൽക്കരിക്കാൻ നടപടികൾ ആരംഭിച്ച ഏതെങ്കിലും ട്ടുകളുടെ കാര്യം തല്ക്കാലികമായി കോടതിയിൽനിന്നും തടസ്സം ചെയ്തിട്ടുണ്ടോ?

ശ്രീ. ടി വി തോമസ്: തല്ക്കാലികമായി നാലഞ്ചു് ട്ടുകളുടെ കാര്യത്തിൽ ഇൻറെറിം സ്റ്റേ അനുവദിച്ചിട്ടുണ്ടു്.

கோவிந்த மேனனின் ரிப்போர்ட்.

* 1660. [3] ஸ்ரீ. என். கணபதி: கீழ் காணும் விஷயத்துக்கு முதன் மந்திரி அவர்கள் விடை பகர்வார்களாக:

(எ) ஸ்ரீ கோவிந்த மேனனின் ரிப்போர்ட் (Police action enquiry commission) படி என்ன நடவடிக்கை எடுக்கப்பட்டிருக்கிறது;

(பி) இந்த ரிப்போர்ட் படி எதாவது நடவடிக்கை எடுக்கப் படுமா;

(ஸி) அகில் கண்ணன்தேவன் கம்பெனி ஜனரல் மானேஜர் அதிகியல தொழிற்சங்க விவகாரங்களில் ஈடுபடுவது தவறு என்று கூறப்பட்டதற்கு என்ன நடவடிக்கை அக்கம்பெனியின் பேரில் எடுக்கப்பட்டது?

Minister for Finance (**Shri C. Achutha Menon**):

(a) & (b) In view of the enquiry findings on the main point that the police arrangements were generally satisfactory and adequate and that there was no mi behaviour or illtreatment on the part of the Police, it calls for no action. Some suggestions of n administrative nature have been made by him and they are under consideration of the Government.

(c) None has been taken.

---

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണപതി: സർ, അതിന് പ്രത്യേക കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ നടപടി എടുക്കാൻ അധികാരമില്ല. ഒരാൾ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്നുണ്ടെന്നുവച്ചു നടപടിയെടുക്കാൻ അധികാരമില്ല.

ശ്രീ. എൻ. കണപതി: കെ. ഗോവിന്ദമേനോൻ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി കറപ്പെനിയിൽ മേൽ കടുത്ത നടപടിക്കായി എടുക്കേണ്ടതാണെന്ന് മന്ത്രിയുടെ സർക്കാരിനു എഴുതിക്കൂടെയോ; ഡയറക്ടർ ബോർഡിനു എഴുതിക്കൂടെയില്ലേ?

ശ്രീ. സി. അച്യുതമേനോൻ: കുറ്റം ഏഴുതണമെന്ന കാര്യം ഞാൻ ആലോചിച്ചിട്ടില്ല. വേണമെങ്കിലെഴുതാം.

പുനലൂർ പേപ്പർമിൽ തൊഴിലാളികളുടെ മെമ്മോറാണ്ടം

* 1661. [4] ശ്രീ. പി ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ തൊഴിലാളി യൂണിയൻ പ്രസ്തുത മാനേജ്മെൻറിനു നൽകിയിരുന്ന മെമ്മോറാണ്ടം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരുന്നത്;

(സി) മാനേജ്മെൻറുമായി എത്ര തവണ ചർച്ചയാലോചന നടത്തിയിട്ടുണ്ട്;

(ഡി) അതിൻറെ ഫലമെന്തായിരുന്നു?

ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) ഉണ്ട്.

(ബി) യൂണിയൻ ഉന്നയിച്ചിരുന്ന അവകാശങ്ങളുടെ ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ട്.†

(സി) ഏഴു പ്രാവശ്യം ചർച്ചയാലോചനകളും നടത്തിയിട്ടുണ്ട്.

(ഡി) യോജിപ്പിലെത്തുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. ഗോപാലൻ: ഇവരുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനു നടപടികളെടുക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇരുകൂട്ടരുടേയും എക്സ്പ്ലനേഷൻ മെമ്മോറാണ്ടം ഗവണ്മെൻറിനു കിട്ടീട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ അടുത്തുതന്നെ ഒരു കോൺഫറൻസു വിളിച്ചുകൂട്ടും. ഒരു തീരുമാനത്തിലെത്തുമെന്നു വിചാരിക്കുന്നു.

കുപ്പു ലേലം.

* 1662. [5] ശ്രീ. പി ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56, 1956-57, 1957-58 എന്നീ കൊല്ലങ്ങളിൽ കുപ്പു ലേലംവിളിച്ചു ഇനത്തിൽ ഓരോ കൊല്ലവും എത്ര തുകവീതം ലഭിച്ചു;

(ബി) 1958-59 എന്നീ സാമ്പത്തികവർഷത്തിൽ എത്ര തുക ലഭിച്ചു?

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly